**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **-38** — 28.05.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

**പി.എസ്.സി. യുടെ പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | എ) ഉണ്ട്. ഒ.എം.ആർ പരീക്ഷകളിലെ കാലതാമസം ഒഴിവാക്കുന്നതിനായി കൂടുതൽ പരീക്ഷകൾ ഓൺലൈനായി നടത്താനും പ്രസ്തുത ആവശ്യത്തിലേക്കായി സർക്കാർ/ എയ്ഡഡ്/സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ പരീക്ഷാകേന്ദ്രങ്ങളായി ഉപയോഗിക്കാനും തീരുമാനിച്ചു. വകുപ്പുതല പരീക്ഷകളെല്ലാം ഈ വർഷം ഓൺലൈൻ വഴി നടത്തി. വിവിധ വകുപ്പ് മേധാവികളുമായി ചർച്ച നടത്തി, സിലബസ് പരിഷ്കരണം, ലഭ്യമല്ലാത്ത പുസ്തകങ്ങൾ പ്രസിദ്ധീകരിക്കൽ തുടങ്ങിയവയിൽ പുരോഗതിയുണ്ടായി. വിവിധ വകുപ്പുകളിൽ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നത് സംബന്ധിച്ചും വകുപ്പുതലവൻമാരുമായി ചർച്ച നടത്തി. വിവരണാത്മക പരീക്ഷകളുടെ മൂല്യ നിർണ്ണയത്തിനായി ഒരു കംപ്യൂട്ടർ അധിഷ്ഠിത മൂല്യ നിർണ്ണയ സംവിധാനം (ഓൺ സ്ക്രീൻ മാർക്കിംഗ്) തയ്യാറാക്കുവാൻ സാധിച്ചിട്ടുണ്ട്. ഫയലുകളുടെ വേഗതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഇ-ഫയൽ സംവിധാനം ആരംഭിക്കുകയും അങ്ങനെ അവശ്യ സർവ്വീസുകളിലെ തസ്തികകളിലേക്ക് കാലതാമസം കൂടാതെ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) ഇതിനായി ഭരണപരിഷ്കാര കമ്മീഷനുമായി പി.എസ്.സി. എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; | ബി) ഇല്ല. |

| | |
|---|---|
| സി) പി.എസ്.സി. യുടെ നിയമന നടപടികൾ പുറം കരാർ നൽകുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പ്രസ്തുത ചർച്ചയിൽ ഉണ്ടായിട്ടുണ്ടോ;<br>ഡി) ഉണ്ടെങ്കിൽ ഇപ്രകാരം പുറം കരാർ നൽകുന്നതിനുള്ള പ്രത്യേക സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ? | സി) & ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ